# തിരുഹൃദയ മാസിക
(The Sacred Heart Monthly)

**Vol. 78**
**2013 December**

78 Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- പിതാക്കന്മാരുടെ ഡയറി

**Engagements**

Mar Mathew Moolakkatt

Mar Joseph Pandarasseril

- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ പ്രോഗ്രാം
- ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്റർ പ്രോഗ്രാം
- മതബോധന കമ്മീഷൻ
- വൊക്കേഷൻ കമ്മീഷൻ
- ലീജിയൺ ഓഫ് മേരി
- ചെറുപുഷ്പ മിഷൻലീഗ്
- തിരുബാലസഖ്യം
- കെ. സി. എസ്. എൽ.
- കെ. സി. ഡബ്ല്യു. എ.
- കെ. സി. വൈ. എൽ.
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ വാർത്തകൾ
- വചനദർശനം
- വാർത്തകൾ



**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

**Circular No. 141**
**Media Day 2013**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 28 - 10 - 2013

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

ആഗോള കത്തോലിക്കാസഭ 2013 നവംബർ 17 മാധ്യമദിന മായി ആചരിക്കുകയാണ്. "സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ; സത്യത്തിന്റെയും വിശ്വാസത്തിന്റെയും വാതിലുകൾ; സുവിശേ ഷവത്കരണത്തിന്റെ പുതിയ ഇടങ്ങൾ" എന്ന ആശയമാണ് ഈ വർഷത്തെ മാധ്യമദിന ചിന്താവിഷയമായി നമുക്ക് നല്കപ്പെട്ടിരി ക്കുന്നത്. മാധ്യമങ്ങൾ നമുക്ക് വാർത്തകളുടെയും വിജ്ഞാനത്തി ന്റെയും ലോകത്തേക്കുള്ള വാതായനങ്ങളാണ്. ഡിജിറ്റൽ സോഷ്യൽ നെറ്റ്‌വർക്കുകളിലൂടെ ആളുകൾ ആശയങ്ങളും അഭി പ്രായങ്ങളും പങ്കുവയ്ക്കുന്നു. സൗഹൃദങ്ങളുടെയും ബന്ധങ്ങളു ടെയും കേന്ദ്രങ്ങൾ ആയി ഇവ തീർന്നിരിക്കുന്നു. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളുടെയും സോഷ്യൽ നെറ്റ്‌വർക്കുകളുടെയും സ്വാധീ നവും അതിനാൽ തന്നെ അവയ്ക്ക് സമൂഹത്തിലുള്ള പ്രാധാ ന്യവും നമ്മുടെ സത്വരശ്രദ്ധ അർഹിക്കുന്നു.

മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരുടെ വിവേകവും സത്യ സന്ധതയും ഏറെ പ്രധാനവും പ്രേക്ഷകർക്ക് അവ അവകാശ പ്പെട്ടതുമാണ്. സത്യത്തെയും മൂല്യങ്ങളെയും മറന്ന് പൊതുജന ങ്ങളെ ഏതു വിധേനയും ആകർഷിക്കുക എന്ന ലക്ഷ്യത്താൽ മാത്രം നയിക്കപ്പെട്ടാൽ മാധ്യമപ്രവർത്തകർ സമൂഹത്തിനും തല മുറകൾക്കു തന്നെയും വലിയ ദോഷങ്ങളായിരിക്കും വരുത്തിവ യ്ക്കുന്നത്. നിർഭാഗ്യവശാൽ അത്തരത്തിലുള്ള പ്രവണതകൾ ഇന്ന് ഏറിവരുന്നത് ആശങ്കയോടെ നാം നോക്കിക്കാണണം. ഡിജി റ്റൽ സോഷ്യൽ നെറ്റ്‌വർക്കുകളുടെ കാര്യത്തിൽ സൈബർ സ്പെയ്സുകളിലൂടെ ഒരാൾ കൈമാറ്റം ചെയ്യുന്നത് ഏതാനും ആശയങ്ങളും വിവരങ്ങളും മാത്രമല്ല, പിന്നെയോ ആത്യന്തിക മായി അവനവനെത്തന്നെയാണ്. പരസ്പര ബഹുമാനത്തോടും

ഉത്തരവാദിത്വത്തോടും സത്യസന്ധതയോടും കൂടി സൗഹൃദങ്ങൾ വളർത്തേണ്ടത് ആരോഗ്യകരമായ മനുഷ്യബന്ധങ്ങൾക്ക് അനിവാര്യമാണ്.

സൈബർ മാധ്യമലോകത്തിന്റെ അനന്ത സാധ്യതകൾ വിശ്വാസത്തിന്റെയും സാഹോദര്യത്തിന്റെയും പ്രേഷിതരാകുവാൻ നമ്മെ സഹായിക്കുന്നുണ്ട്. യേശുവിന്റെ സന്ദേശത്തിലും അവിടുത്തെ പ്രബോധനം പരിപോഷിപ്പിക്കുന്ന മനുഷ്യമഹത്വ മൂല്യങ്ങളിലും പങ്കുചേരുന്നവരാണ് വിശ്വാസികളായ നാമെല്ലാവരും. നാമുൾപ്പെടുന്ന ഡിജിറ്റൽ ലോകത്തിലും ആ സദ്വാർത്തയുടെ വാഹകരും പ്രവാചകരുമായിരിക്കാൻ നമുക്ക് കടമയുണ്ട്. ഇന്ന് ഡിജിറ്റൽ നെറ്റ്വർക്കുകൾ കേവലം ഒരു സാധ്യതയോ സാഹചര്യമോ എന്നതിലുപരി അനേകരുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ അനുദിന ജീവിതത്തിന്റെ അവിഭാജ്യ ഭാഗമാണ്. അതിനാൽ തന്നെ, അനേകലക്ഷങ്ങളുടെ ഹൃദയങ്ങളിൽ നന്മയുടെ വിത്തു വിതയ്ക്കാൻ ദൈവം നമുക്കു നൽകുന്ന പുതിയ ഇടങ്ങളാണ് സോഷ്യൽ നെറ്റ്വർക്കുകൾ. ഡിജിറ്റൽ ഭാഷ ഉപയോഗിക്കാൻ വേണ്ട കഴിവ് ഏവരും നേടേണ്ടത് ആനുകാലികമായിരിക്കാൻ വേണ്ടി മാത്രമല്ല മറിച്ച്, യേശുവിന്റെ സുവിശേഷത്തിന്റെ സന്ദേശം മനുഷ്യമനസ്സുകളിൽ പതിക്കാൻ വേണ്ടി കൂടിയാവണം അത്. ക്രൈസ്തവ വിശ്വാസ പാരമ്പര്യം എപ്പോഴും അടയാളങ്ങൾകൊണ്ടും പ്രതീകങ്ങൾകൊണ്ടും സമ്പന്നമാണെന്ന് നമുക്കറിയാം. ഉദാഹരണങ്ങളായി, കുരിശിന്റെ അടയാളങ്ങളും, കന്യകാമറിയത്തിന്റെ ഐക്കണുകളും തിരുസ്വരൂപങ്ങളും, ക്രിസ്മസ് പുൽക്കൂടും ആത്മീയതയുണർത്തുന്ന സംഗീതശീലുകളും സ്തുതിഗീതങ്ങളും വിശ്വാസസത്യങ്ങൾ പ്രചരിപ്പിക്കുവാൻ കലാകാരന്മാരാലും സംഗീതജ്ഞന്മാരാലും സൃഷ്ടിക്കപ്പെട്ടവയാണ്. അവ ഈ നാളുകളിൽ ആദരിക്കപ്പെടേണ്ടതും പ്രചരിപ്പിക്കപ്പെടേണ്ടതും നമ്മിലൂടെയാണ്.

വിശ്വാസവർഷത്തിന്റെ പുണ്യനാളുകളിലൂടെ കടന്നുപോകുന്ന നാം വിശ്വാസകൈമാറ്റവും പ്രേഷിതപ്രവർത്തനവും അതീവ താൽപര്യത്തോടെ ഏറ്റെടുക്കേണ്ടതുണ്ട് എന്ന് 'വിശ്വാസവെളിച്ചം' എന്ന ചാക്രികലേഖനത്തിലൂടെ പരി. പിതാവ് ഫ്രാൻസിസ്

മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "എനിക്കു ലഭിച്ചത് ഞാൻ നിങ്ങൾക്ക് ഏൽപിച്ചു തന്നു" (1 Cor 15: 13) എന്ന വി. പൗലോസിന്റെ വാക്കുകൾ വ്യാഖ്യാനിച്ചുകൊണ്ട് അദ്ദേഹം പറയുന്നു : "ദൈവസ്നേഹത്തിലേയ്ക്ക് തങ്ങളുടെ ഹൃദയങ്ങൾ തുറക്കുകയും അവിടുത്തെ സ്വരം ശ്രവിക്കുകയും അവിടുത്തെ പ്രകാശം സ്വീകരിക്കുകയും ചെയ്തിട്ടുള്ളവർക്ക് ഈ ദാനം തങ്ങൾക്കു മാത്രമായി സൂക്ഷിച്ചു വയ്ക്കുവാൻ കഴിയുകയില്ല. .... ഒരു മെഴുകുതിരി മറ്റൊരു മെഴുകുതിരിയിൽ നിന്ന് കത്തിച്ചെടുക്കുന്നതുപോലെ തന്നെ വിശ്വാസത്തിന്റെ പ്രകാശം ഒരു വ്യക്തിയിൽനിന്ന് മറ്റൊരു വ്യക്തിയിലേയ്ക്ക് സമ്പർക്കം വഴി കടന്നു ചെല്ലുന്നു" (cfr. വിശ്വാസവെളിച്ചം, 37). ഡിജിറ്റൽ മാധ്യമങ്ങളിലൂടെ ദൈവസ്നേഹം അറിയിക്കാൻ നമുക്ക് കടമയുണ്ട്. വ്യക്തികളും, സമൂഹങ്ങളും, സമർപ്പിതരും, അൽമായരും, മുതിർന്നവരും, യുവജനങ്ങളും തങ്ങൾക്ക് ലഭ്യമായ സാധ്യതകൾ അതിനായി പരമാവധി പ്രയോജനപ്പെടുത്തണം.

ഡിജിറ്റൽ ലോകത്തിന്റെ അനന്തസാധ്യതകൾ വിലമതിക്കുന്നതോടൊപ്പം അവയുടെ അപക്വവും നിരുത്തരവാദിത്വപരവുമായ ദുരുപയോഗങ്ങൾ മൂലം പലതരത്തിലുള്ള ചൂഷണങ്ങൾക്കും ഇരയാകുന്നവരും അബദ്ധപ്രചരണങ്ങളാൽ സ്വാധീനിക്കപ്പെട്ട് വിശ്വാസ - ധാർമ്മിക മൂല്യങ്ങൾ നഷ്ടപ്പെടുത്തുന്നവരും ഉണ്ടെന്ന കാര്യം നാം വിസ്മരിക്കരുത്. കുടുംബങ്ങളിൽ കുട്ടികൾക്ക് മാധ്യമലോകത്തെക്കുറിച്ച് ശരിയായ അറിവും നല്ലതും മോശമായതും തിരിച്ചറിയാനുള്ള പരിശീലനവും നൽകേണ്ടതുണ്ട്. അതിലുപരി, മാതാപിതാക്കളും മുതിർന്നവരും തങ്ങളുടെ കുടുംബത്തിലെ ഇളംതലമുറയ്ക്ക് ദൃശ്യ -ശ്രാവ്യ മാധ്യമങ്ങളുടെയും മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൈബർ മാധ്യമങ്ങളുടെയും വിനിയോഗത്തിൽ മാതൃക നൽകണം. ഒരുമിച്ചുള്ള കുടുംബപ്രാർത്ഥനയെപോലും അവഗണിച്ച് ടി.വി., ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾക്കു മുമ്പിൽ സമയം ചെലവഴിക്കുന്ന കുടുംബങ്ങൾ തങ്ങളുടെ മക്കൾക്ക് നല്ല മാതൃകയല്ല നൽകുന്നതെന്ന് നാം ഓർക്കണം. അതോടൊപ്പം, കുടുംബങ്ങളിൽ വിശ്വാസപോഷണത്തിന് ഉപകരിക്കുന്ന നല്ല കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വരുത്തി വായിക്കാനും നാം ശ്രദ്ധിക്കണം.

മാധ്യമലോകത്ത് പ്രവർത്തിക്കുന്നവരിൽ സത്യത്തിനും വിശ്വാസത്തിനും മൂല്യം കല്പിക്കുന്ന അനേകരുണ്ടെന്നത് നമുക്ക് ആശ്വാസം പകരുന്നു. ദൈവരാജ്യത്തിന്റെ പ്രഘോഷണത്തിനായി അവർ ചെയ്യുന്ന ത്യാഗസമർപ്പണങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. വിശ്വാസത്തിന്റെ വെളിച്ചം ലോകത്തിന്റെ അതിർത്തികൾ വരെയും പ്രോജ്വലിപ്പിക്കുന്നതിന് ലഭ്യമായ മാധ്യമസാധ്യതകളെ മുഴുവൻ പ്രയോജനപ്പെടുത്തുവാൻ നമുക്കേവർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. **ഈ സർക്കുലർ 2013 നവംബർ 10-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രക്കാഴ്ച അതിരൂപതാ കേന്ദ്രത്തിൽ മീഡിയാ പ്രവർത്തനങ്ങൾക്കായി ഏൽപിക്കേണ്ടതുമാണ്.**

Pastoral Letter No XXI

The Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686 001.

## ദൈവകൃപയാൽ
## കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

## മാർ മാത്യു മൂലക്കാട്ട്

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.*

ഈശോമിശിഹായിൽ വന്ദ്യ സഹോദരങ്ങളേ, പ്രിയ മക്കളേ,

വിശ്വാസവർഷാചരണത്താൽ പ്രകാശിതമായ ഹൃദയങ്ങളോടെ നാം മംഗളവാർത്തക്കാലത്തിലേക്കു പ്രവേശിക്കുകയാണല്ലോ. രക്ഷകനായ മിശിഹായുടെ മനുഷ്യാവതാരത്തിനായി തന്നെത്തന്നെ നൽകിയ പരിശുദ്ധ കന്യകാ മറിയത്തോടൊപ്പം നമുക്കും മിശിഹായുടെ വരവിനായി നമ്മെത്തന്നെ സമർപ്പിക്കാം. പിറവിത്തിരുനാളിനായി ഒരുങ്ങുകയും ചെയ്യാം.

'ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും" (മത്താ. 18:23) എന്നാണല്ലോ മംഗളവാർത്തയിൽ മാലാഖ മറിയത്തോട് പറയുന്നത്. ദൈവം നമ്മോടുകൂടെ ആയിരിക്കുന്നതിന്റെ ആനന്ദവും ആഹ്ലാദവുമാണ് മനുഷ്യാവതാരത്തെ ആകർഷണീയമാക്കുന്നത്. തന്റെ ഛായയിലും സാദൃശ്യ

ത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം മനുഷ്യൻ എന്നും തന്നോടുകൂടെ ആയിരിക്കുവാൻ ആഗ്രഹിച്ചു. പാപം മൂലം ദൈവത്തിൽ നിന്നകന്നു പോയ മനുഷ്യനെ തന്നിലേക്കാനയിക്കാൻ ദൈവം ഒരുക്കിയ രക്ഷാപദ്ധതിയിൽ തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തോടൊപ്പം വസിക്കുന്ന ദൈവത്തെയാണ് നാം കാണുക. ഈ സഹവാസം മനുഷ്യനു കൂടുതൽ അനുഭവവേദ്യമാക്കുവാൻ വേണ്ടി കാലത്തിന്റെ പൂർണ്ണതയിൽ ആദിമുതൽ ഉണ്ടായിരുന്നതും അപ്പസ്തോലന്മാർ "കേട്ടതും സ്വന്തം കണ്ണുകൾ കൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈ കൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനം" (1 യോഹ 1:1) എമ്മാനുവേലായി ഭൂമിയിൽ ജന്മമെടുത്തു.

ലോകാവസാനത്തോളം ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും (മത്താ 28:20) എന്നു പറഞ്ഞുകൊണ്ട് വി. കുർബാന സ്ഥാപിച്ച് മനുഷ്യനോടുകൂടെയുള്ള തന്റെ സഹവാസം ഉറപ്പാക്കിയ ദൈവം, നാം എന്നും അവനോടുകൂടെ ആയിരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. എമ്മാവൂസിലേയ്ക്ക് ദുഃഖാർത്തരായി മടങ്ങിയ ശിഷ്യന്മാർ തിരിച്ചറിയാത്ത സഹയാത്രികനോട് തങ്ങളുടെ കൂടെ വസിക്കണമെന്ന് ആവശ്യപ്പെട്ടതു കൊണ്ടാണല്ലോ വി. കുർബ്ബാനയിൽ വസിക്കുന്ന ദൈവത്തെ അവർ തിരിച്ചറിഞ്ഞത്.

"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഞാൻ പോയി നിങ്ങൾക്ക് സ്ഥലമൊരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളേയും കൂട്ടിക്കൊണ്ടു പോകും" (യോഹ. 14 : 2-3) എന്നു പറയുമ്പോഴും ദൈവത്തോടുകൂടിയുള്ള മനുഷ്യന്റെ വാസം ദൈവം എത്രമാത്രം ആഗ്രഹിക്കുന്നു എന്നു നമുക്കു കാണാൻ സാധിക്കും. പുതിയ ആകാശവും പുതിയ ഭൂമിയും യാഥാർഥ്യമാവുന്ന അവസാന നാളുകളെപ്പറ്റി വെളിപാടു പുസ്തകം പറയുന്നത് "ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടു കൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും" (വെളി 20:3) എന്നാണല്ലോ.

ദൈവത്വത്തിന്റെ പൂർണ്ണത പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്നാളുകളുടെ കൂട്ടായ്മയായ പരിശുദ്ധ ത്രിത്വത്തിലാണല്ലോ നാം കണ്ടെത്തുക. ഈ കൂട്ടായ്മയിൽ മനുഷ്യനെയും പങ്കുചേർക്കാൻ ദൈവം ആഗ്രഹിക്കുന്നു. (യോഹ 14:23). പരസ്പരബന്ധത്തിലൂടെ വളർന്നു വികസിക്കുമ്പോഴാണ് മനുഷ്യർ തമ്മിൽ തമ്മിലും ദൈവവും മനുഷ്യനും തമ്മിലുമുള്ള ബന്ധങ്ങൾ ശരിയായി വളരുന്നത്. മാനുഷിക ബന്ധങ്ങളും ദൈവമനുഷ്യബന്ധങ്ങളും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ 4:20) എന്ന തിരുവചനം ഈ സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു.

ആഴമാർന്ന വ്യക്തിബന്ധങ്ങൾ കുടുംബത്തിലെ നല്ല ബന്ധങ്ങളിൽ നിന്നാണ് ജന്മമെടുക്കുക. ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും സഹോദരങ്ങൾ തമ്മിൽ തമ്മിലും നിലനിൽക്കുന്ന ബന്ധങ്ങളാണ് എല്ലാ മാനുഷികബന്ധങ്ങളുടെയും അടിസ്ഥാനം. കുടുംബത്തിൽ സ്നേഹത്തിന്റെ മാധുര്യം അനുഭവിക്കുന്നവർക്കു മാത്രമേ നല്ല മാനുഷികബന്ധങ്ങളിൽ വളരാനും ദൈവമനുഷ്യബന്ധത്തിന്റെ ആസ്വാദ്യത നുകരാനും സാധിക്കൂ.

മനുഷ്യന്റെ ജീവിതസാഹചര്യങ്ങളിലൂടെ ദൈവത്തിന്റെ കരുതലും സ്നേഹവും മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുവാൻ ദൈവപുത്രന്റെ മനുഷ്യാവതാരം സഹായകമായി. ആബാ എന്നു വാത്സല്യപൂർവ്വം സ്വർഗ്ഗസ്ഥനായ പിതാവിനെ ഈശോ വിളിക്കുന്നത് സ്വന്തം കുടുംബത്തിന്റെ സ്നേഹവാത്സല്യങ്ങൾ ആവോളം നുകർന്ന് ആ നിർവൃതിയിൽ തന്റെ സ്നേഹനിധിയായ അപ്പച്ചനെ വിളിക്കുന്ന ഹെബ്രായ ബാലന്റെ ഹൃദയവികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ്. കുടുംബത്തിന്റെ ഹൃദ്യതയിൽ വിടരുന്ന ബന്ധങ്ങളുടെ ഊഷ്മളതയിലൂടെ ദൈവസ്നേഹത്തിന്റെ അനുഭവത്തിലേയ്ക്കു നമ്മെ നയിക്കാൻ മനുഷ്യനായ ദൈവം വഴിയൊരുക്കു

കയായിരുന്നു. 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുമ്പോൾ അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും' ( മത്താ. 18:20) എന്നരുൾ ചെയ്ത നാഥനെ കുടുംബത്തിന്റെ കൂട്ടായ്മയിൽ കണ്ടെത്തുന്ന മക്കൾക്ക് ദൈവസാന്നിദ്ധ്യത്തിന്റെ ആനന്ദം അന്യമായിരിക്കുകയില്ല.

'കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം' എന്നു നാം പറയാറുണ്ട്. കുടുംബത്തിൽ സ്നേഹം അനുഭവിക്കണമെങ്കിൽ ഒന്നിച്ചു കൂടുന്നതിന്റെ ഇമ്പം കുടുംബത്തിലുണ്ടാകേണ്ടത് ആവശ്യമാണ്. അതിനു പകരം നിൽക്കാൻ മറ്റൊന്നിനുമാവില്ല. വർഷത്തിലൊരിക്കലോ അപൂർവ്വ സന്ദർഭങ്ങളിലോ മാത്രം ഒന്നിച്ചുകൂടുന്ന കുടുംബങ്ങൾക്ക് എമ്മാനുവേൽ അനുഭവത്തിന്റെ ആനന്ദം മരുഭൂമിയിലെ മരീചിക പോലെ അകലെ നിൽക്കുന്നു.

വിലക്കപ്പെട്ട കനി തിന്നതിലൂടെ ആദിമാതാപിതാക്കൾക്ക് ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമല്ല പരസ്പര ബന്ധത്തിലും ശൈഥില്യം ഉണ്ടായതായി നാം കാണുന്നു. ലൗകിക നേട്ടങ്ങൾക്കും സുഖസൗകര്യങ്ങൾക്കും വേണ്ടിയുള്ള അടങ്ങാത്ത ആസക്തി കുടുംബത്തിന്റെ കൂട്ടായ്മയിൽ നിന്നും ഭാര്യാഭർത്താക്കന്മാരെ തമ്മിലും മാതാപിതാക്കളെയും മക്കളേയും തമ്മിലും അകറ്റുമ്പോൾ പരസ്പരബന്ധങ്ങൾ ശിഥിലമാകുകയും തിന്മയുടെ ആസക്തികൾ ഹൃദയത്തിൽ വേരുപാകുകയും ചെയ്യുന്നു.

ധനസമ്പാദനത്തിനായി നാടും വീടും വിട്ട് അകലങ്ങളിലേയ്ക്ക് പോകുമ്പോൾ ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ പുനസ്ഥാപിക്കാനോ തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്താനോ സാധിക്കാത്ത സമ്പാദ്യം വ്യർത്ഥമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അപ്പന്റെ സ്നേഹവും അമ്മിഞ്ഞപ്പാലിന്റെ മാധുര്യവും നിഷേധിച്ചുകൊണ്ട് നൽകുന്നതൊന്നും മക്കളുടെ മനസ്സിലും മാതാപിതാക്കളുടെ ഹൃദയത്തിലും നിരന്തരം നിറഞ്ഞുനിന്ന് ആനന്ദം പകരേണ്ട വാത്സല്യത്തിനു പകരമാവില്ല. അകലങ്ങളിലിരുന്ന് ആവശ്യത്തിനും ആഡംബരത്തിനും ആർഭാടത്തിനും പണം അയച്ചുകൊടുക്കുന്നതുകൊണ്ട്

മക്കൾക്കാവശ്യമായ പിതൃവാത്സല്യമോ സ്വർഗ്ഗസ്ഥനായ പിതാവിന്റെ സ്നേഹം ആസ്വദിക്കുന്നതിൽ നിന്നുയിർകൊള്ളുന്ന ക്രൈസ്തവവിശ്വാസമോ പകർന്നു കൊടുക്കാനാവില്ല. മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങളിൽ ആശ്വാസം തേടി നിരാശരാകുമ്പോൾ മാതാപിതാക്കൾ അന്യരാവുകയും മക്കൾ അനാഥരാവുകയും ചെയ്യും. ഒറ്റപ്പെടലിന്റെ ദുഃഖം പേറുന്ന വൃദ്ധമാതാപിതാക്കളുടെയും പിഞ്ചുകുഞ്ഞുങ്ങളുടെയും ആകുലതയുടെ നിശ്വാസങ്ങളുടെ ചൂടകറ്റാൻ വിലയേറിയ ശീതീകരണികൾക്കും ആവില്ല. അവിടെ ആവശ്യം സാന്നിദ്ധ്യത്തിന്റെ സാന്ത്വനവും സാമീപ്യത്തിന്റെ കുളിർമയുമാണ്. പുൽക്കൂടിന്റെ ദാരിദ്ര്യത്തിൽ പോലും സജീവമാകുന്ന കുടുംബത്തിന്റെ സ്നേഹധന്യതയിലാണ് ദൈവം അവതരിക്കുക എന്നു തിരിച്ചറിയാൻ പൂജരാജാക്കളുടെ ദൈവാന്വേഷണ ചരിത്രം നമ്മോടാവശ്യപ്പെടുന്നു.

സുഖ ദുഃഖങ്ങളുടെയും ജീവിത ക്ലേശങ്ങളുടെയും നടുവിലും സ്വദേശത്തും വിദേശത്തേക്കുള്ള പലായനത്തിലുമെല്ലാം സമചിത്തത കണ്ടെത്തിയ തിരുക്കുടുംബത്തിന്റെ മനോഭാവം നമ്മുടെ കുടുംബങ്ങൾക്കുണ്ടാകണം. ഭാര്യയും ഭർത്താവും മാതാപിതാക്കളും മക്കളും കൂടെ വസിക്കാനാഗ്രഹിക്കുന്ന ദൈവത്തോടൊപ്പം ഒരു ഭവനത്തിൽ ഒന്നിച്ചു താമസിക്കുമ്പോൾ അവിടെ വിരിയുന്ന ആനന്ദവും ആഹ്ലാദവും അനിർവചനീയമാണ്. ലൗകിക മാനദണ്ഡങ്ങളിൽ മാത്രം വിവാഹത്തെയും കുടുംബത്തിന്റെ കൂട്ടായ്മയേയുമൊക്കെ വിലയിരുത്തുന്നവർക്ക് ദൈവിക സഹവാസത്തിന്റെ ആനന്ദം നഷ്ടമാവുകയും മനുഷ്യാവതാരത്തിന്റെ ദർശനം അജ്ഞാതമായി തുടരുകയും ചെയ്യും.

കൂട്ടായ്മയുടെ മഹത്വം നഷ്ടപ്പെടുത്തി ലൗകിക പ്രലോഭനങ്ങളുടെ പിന്നാലെ ഒറ്റയ്ക്ക് ഓടി നിരാശരാകുന്നവർക്ക് മനുഷ്യാവതാരത്തിന്റെ സാന്നിദ്ധ്യസുഖവും കൂട്ടായ്മയുടെ ആനന്ദവും കണ്ടെത്തുവാൻ ഈ മംഗളവാർത്തക്കാലം സഹായകമാകട്ടെ. ദൈവസ്നേഹവും മനുഷ്യ സാഹോദര്യവുമാണ് ജീവിത വിജയത്തിന്റെ അടി

സ്ഥാനഘടകങ്ങൾ എന്ന തിരിച്ചറിവോടെ വ്യർത്ഥമായ വ്യഗ്രതകളിൽ നിന്നും വിമോചിതരാകാൻ മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ നമ്മെ മാടിവിളിക്കുന്നു. മണ്ണിനെ വിണ്ണോടു ചേർക്കാൻ, മനുഷ്യനെ ദൈവത്തിലേക്കാനയിക്കാൻ ആഗതനായവന്റെ വഴിയിലൂടെ നമ്മുടെ ജീവിതങ്ങൾ പുനഃക്രമീകരിക്കാൻ ഈ മംഗളവാർത്തക്കാലം നമ്മെ ഏവരേയും സഹായിക്കട്ടെ.

ക്രിസ്മസ്സ്, നവവത്സര മംഗളാശംസകളോടെ,

പിതാവിന്റെയും ✠പുത്രന്റെയും ✠പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാ കേന്ദ്രത്തിൽനിന്നും 2013 നവംബർ 10-ാം തീയതി

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

*NB.* ഈ ഇടയലേഖനം 2013 ഡിസംബർ 1-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വായിച്ചറിയിക്കേണ്ടതാണ്.

**സീറോ മലബാർ സഭയുടെ പുതിയ ആരാധനക്രമഗ്രന്ഥങ്ങൾ**

**വിജ്ഞാപനം**

**Prot. No. 2185 / 2013**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ ആരാധനക്രമഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിരിക്കുകയാണ്. കുർബാനയുടെ രണ്ടാമത്തെ കൂദാശക്രമവും (മാർ തെയദോറിന്റെ പേരിലറിയപ്പെടുന്ന അനാഫൊറ) ആരാധനാക്രമത്തിലെ വിശുദ്ധഗ്രന്ഥ വായനകൾക്കുവേണ്ടിയുള്ള പ്രഘോഷണഗ്രന്ഥങ്ങളും. ദീർഘമായ കാത്തിരിപ്പിന്റെയും കഠിന പരിശ്രമത്തിന്റെയും സാക്ഷാത്കാരമായി വെളിച്ചം കാണുന്ന ഈ ഗ്രന്ഥങ്ങൾ സഭയുടെ ആരാധനാജീവിതത്തിന് വലിയ മുതൽക്കൂട്ടായിരിക്കുമെന്നതിൽ സംശയമില്ല. 2013 ആഗസ്റ്റ് 15ന് പ്രാബല്യത്തിൽ വന്ന തെയദോറിന്റെ കൂദാശാക്രമവും 2013 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽവരുന്ന പ്രഘോഷണഗ്രന്ഥങ്ങളും സഭാമക്കൾക്കെല്ലാവർക്കും വിശ്വാസം ഫലവത്തായി ആഘോഷിക്കുവാനും വിശ്വാസത്തിൽ വളരുവാനും നിമിത്തമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

**മാർ തെയദോറിന്റെ കൂദാശാക്രമം**

ഇപ്പോൾ നമ്മുടെ കുർബാനക്രമത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമത്തിനു പുറമെ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും പേരിലറിയപ്പെടുന്ന രണ്ടു കൂദാശാക്രമങ്ങൾ കൂടിയുണ്ട്. ഉദയംപേരൂർ സൂനഹദോസിനുശേഷം ഉപയോഗത്തിലില്ലാതെവന്ന മാർ തെയദോറിന്റെ കൂദാശക്രമം 415 വർഷങ്ങൾക്കുശേഷം വീണ്ടും നമ്മുടെ സഭയിൽ ഉപയോഗിച്ചു തുടങ്ങുന്നുവെന്നത് ചരിത്രപ്രാധാന്യമുള്ള വസ്തുതയാണ്. സീറോമലബാർ കുർബാനയുടെ പുനരുദ്ധാരണവേളയിൽ

മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമ ങ്ങൾ പുനരുദ്ധരിച്ചു ചേർക്കണമെന്ന് 1957ൽ പന്ത്രണ്ടാം പിയൂസ് മാർപാപ്പ ആവശ്യപ്പെട്ടിരുന്നു. മാർ തെയരോറിന്റെ കൂദാശയുടെ ഡ്രാഫ്റ്റ് സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിയുടെയും ലിറ്റർജിക്കൽ റിസേർച്ച് സെൻററിന്റെയും സബ്കമ്മറ്റികളുടെയും രൂപതകളിലെ ലിറ്റർജിക്കൽ കമ്മീഷനുകളുടെയും തലങ്ങളിൽ സൂക്ഷ്മമായ പഠന ങ്ങൾ നടത്തിയാണ് പുനരുദ്ധരിച്ചത്. രണ്ടാമത്തെ കൂദാശക്രമത്തിന്റെ മൂലരൂപത്തോട് പരമാവധി വിശ്വസ്തത പുലർത്തിക്കൊണ്ടുതന്നെ കാലോചിതമായ മാറ്റങ്ങൾ പ്രാർത്ഥനകളിൽ വരുത്തിയിട്ടുണ്ട്. ഇപ്ര കാരം തയ്യാറാക്കിയ ടെക്സ്റ്റാണ് സീറോ മലബാർ സിനഡിന്റെ തീരു മാനമനുസരിച്ച് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി റോമിലേയ്ക്ക് അയച്ചത്. 2012 ഡിസംബർ 15-ാം തീയതി പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ കൂദാശക്രമം മൂന്നുവർഷ ക്കാലത്തേയ്ക്ക് പരീക്ഷണാർത്ഥം ഉപയോഗിക്കുവാനുള്ള അംഗീ കാരം നൽകി.

മാർ തെയദോറിന്റെ പേരിലാണറിയപ്പെടുന്നതെങ്കിലും ഈ കൂദാ ശയുടെ രചയിതാവ് തെയദോറല്ല എന്നാണ് ഈ കൂദാശയെക്കുറിച്ച് ആധികാരിക പഠനം നടത്തിയ പണ്ഡിതരുടെ അഭിപ്രായം. തെയ ദോറിന്റെ ദൈവശാസ്ത്രചിന്തകളെ ഒരുകാലത്ത് സംശയദൃഷ്ടി യോടെ വീക്ഷിച്ചിരുന്നുവെങ്കിലും കലർപ്പില്ലാത്ത ക്രൈസ്തവപ്രബോ ധനമാണ് തെയദോറിന്റെ രചനകളിലുള്ളതെന്ന് ആധുനിക ദൈവ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. തെയദോറിന്റെ ദൈവശാ സ്ത്രവീക്ഷണങ്ങളുടെ ആദികാരികതയെക്കുറിച്ച് കത്തോലിക്കാസഭ ഇന്ന് സംശയം പുലർത്തുന്നില്ല. തെയദോറിന്റെ കൂദാശക്രമം വിശ്വാ സസംബന്ധമായും ദൈവശാസ്ത്രപരമായും ഭദ്രമായ ഒന്നാണെ ന്നാണ് കത്തോലിക്കാ സഭയുടെ ആധികാരികമായ നിലപാട്. ഈ കൂദാശാക്രമത്തിലെ ദൈവശാസ്ത്രപരമായ ആശയങ്ങൾ സത്യവി ശ്വാസത്തോടു ചേർന്നുപോകുന്നതും വിശുദ്ധഗ്രന്ഥവുമായി ഏറ്റവു മടുത്ത് നിൽക്കുന്നതുമാണ്.

ആറാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന ഈ കൂദാശയുടെ മുഖ മുദ്ര വികാസം പ്രാപിച്ച ദൈവശാസ്ത്രവും വ്യവസ്ഥാപിതമായ ആശ യഘടനയുമാണ്. പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ അടയാളമായി മാർ തെയദോറിന്റെ കൂദാശയെ നമുക്ക്

കാണാം. ഈശോ മിശിഹായുടെ പെസഹാരഹസ്യത്തിന്റെ ആഘോഷത്തെ കൂടുതൽ അർത്ഥപൂർണ്ണവും അനുഭവവേദ്യവുമാക്കാൻ സഭയിലെ വ്യത്യസ്ത കൂദാശകൾക്ക് (അനാഫൊറകൾക്ക്) കഴിയുമെന്നതിനാൽ മാർ തെയദോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശക്രമം ഉപയോഗിച്ചുള്ള കുർബാന സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗ്രഹപ്രദമായിരിക്കും. ക്രൈസ്തവവിശ്വാസത്തെക്കുറിച്ചുള്ള ആഴമേറിയ ദൈവശാസ്ത്രബോധ്യങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാമത്തെ കൂദാശയുടെ ആഘോഷം സീറോമലബാർ സഭയുടെ ദൈവശാസ്ത്ര വളർച്ചയെയും വിശ്വാസജീവിതത്തേയും ത്വരിതപ്പെടുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

മംഗലവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള കാലങ്ങളിൽ ഉപയോഗിക്കേണ്ടതെന്ന് പാരമ്പര്യം നിഷ്കർഷിച്ചിരുന്ന ഈ കൂദാശാക്രമം ആരാധനാവത്സരത്തിലെ ഏതു കാലത്തും സാധിക്കുന്ന സന്ദർഭങ്ങളിലൊക്കെ ഉപയോഗിച്ച് കുർബാനയർപ്പിച്ചു കൊണ്ട് നമ്മുടെ വിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കാനും അനുഭവിക്കാനും സഭാമക്കളെല്ലാവരോടും സ്നേഹപുരസ്സരം ആഹ്വാനം ചെയ്യുന്നു.

**പ്രഘോഷണഗ്രന്ഥങ്ങൾ**

ക്രൈസ്തവ സഭയിലെ എല്ലാ ആരാധനാക്രമങ്ങളും വചനശുശ്രൂഷയ്ക്കായി പ്രത്യേകം ക്രമപ്പെടുത്തിയ വായനപ്പുസ്തകങ്ങൾ (Lectionaries) അഥവാ പ്രഘോഷണഗ്രന്ഥങ്ങളാണ് ഉപയോഗിക്കുന്നത്. ഓരോ ദിവസത്തെയും വി. ഗ്രന്ഥവായനകൾ ആരാധനാവത്സരത്തിലെ കാലങ്ങൾക്കും നിശ്ചിത തീയതികൾക്കും അനുസൃതമായി ക്രമമായി നൽകുന്ന ഗ്രന്ഥമാണ് പ്രഘോഷണഗ്രന്ഥം. വായനകൾ എളുപ്പത്തിൽ തിരഞ്ഞെടുക്കുവാനും കലണ്ടർ നിർദ്ദേശിക്കുന്ന വ്യത്യസ്ത വി. ഗ്രന്ഥഭാഗങ്ങൾ അനായാസം ഒരുമിച്ചുചേർത്തു വായിക്കാനും പ്രഘോഷണഗ്രന്ഥം വളരെ സഹായകമാണ്.

1986ൽ നമ്മുടെ പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമം ഉദ്ഘാടനം ചെയ്യപ്പെട്ടതുമുതൽ പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കുക എന്ന ലക്ഷ്യമുണ്ടായിരുന്നു. എന്നാൽ ആ ലക്ഷ്യം ഇപ്പോഴാണ് സഫലമാകുന്നത്. 1959ലും 1960ലുമായി റോമിൽനിന്ന് നൽകിയ Ordo Celebrationis Quddasae, Supplementum Mysteriorum എന്നീ ഗ്രന്ഥങ്ങളിൽ നൽകിയിട്ടുള്ള വിശുദ്ധ ഗ്രന്ഥവായനകളോട് പരമാവധി വിശ്വ

സ്തത പുലർത്തിക്കൊണ്ടാണ് ഇപ്പോൾ പ്രസിദ്ധീകൃതമാകുന്ന പ്രഘോഷണഗ്രന്ഥങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. സീറോമലബാർ സിനഡിന്റെ ആഹ്വാനമനുസരിച്ച് പലവർഷങ്ങളായി സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിയും സബ് കമ്മിറ്റികളും സൂക്ഷ്മപഠനം നടത്തി വളരെ അനിവാര്യമായ ചില ഭേദഗതികൾ വായനക്രമത്തിൽ വരുത്തിയിട്ടുണ്ട്. സാധാരണ ദിവസങ്ങൾക്കു വേണ്ടിയുള്ള വായനകൾ ആരാധനാവത്സരത്തിന്റെ ചൈതന്യത്തിനനുസരിച്ച് ആരാധനക്രമ പണ്ഡിതരും വിശുദ്ധഗ്രന്ഥ പണ്ഡിതരുമടങ്ങിയ സബ്കമ്മറ്റികളാണ് തയ്യാറാക്കിയത്. 2013 ആഗസ്റ്റിലെ സിനഡ് അംഗീകാരം നൽകിയ പ്രഘോഷണ ഗ്രന്ഥങ്ങളാണ് പഴയനിയമം, ലേഖനം, സുവിശേഷം എന്നീ മൂന്ന് പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുന്നത്. ആരാധനാവത്സരത്തിലെ എല്ലാ ദിവസങ്ങൾക്കും തിരുനാളുകൾക്കും പ്രത്യേക സന്ദർഭങ്ങൾക്കും വേണ്ടിയുള്ള വായനകൾ ഈ പ്രഘോഷണ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ആരാധനാക്രമപരമായ വളർച്ചയുടെ വ്യക്തമായ സൂചനയാണ് ഈ പ്രഘോഷണ ഗ്രന്ഥങ്ങൾ. കൂടുതൽ ഫലപ്രദമായ ഒരു വചനശുശ്രൂഷ നടത്താൻ പ്രഘോഷണഗ്രന്ഥങ്ങൾ സഭയ്ക്കു മുഴുവനും ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു. സീറോ മലബാർ സഭയിലെ എല്ലാ ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും പുതിയ ആരാധനാവത്സരം തുടങ്ങുന്ന ഡിസംബർ 1 മുതൽ കുർബാനയുടെ വചനശുശ്രൂഷയ്ക്കായി പ്രഘോഷണഗ്രന്ഥങ്ങൾ ഉപയോഗിച്ചു തുടങ്ങണമെന്ന് സഭാമക്കളെല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

കാർഡിനൽ ജോർജ്ജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2013 -ാം ആണ്ട് നവംബർ മാസം 7-ാം തീയതി നൽകപ്പെട്ടത്.

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2013**

7 പയ്യാവൂർ ടൗൺ പള്ളിയിൽ നടന്ന ആനിമൂട്ടിൽ ബഹു. ഫിലിപ്പച്ചന്റെയും ബഹു. തോമസച്ചന്റെയും പൗരോഹിത്യരജത ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.

9 അതിരൂപതാ മൈനർ സെമിനാരിയിൽ നടന്ന സ്പോൺസേഴ്സ് ഡേയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- കടുത്തുരുത്തി ഫൊറോനയിലെ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

10 കൈപ്പുഴ ഫൊറോനയിലെ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- ഉഴവൂർ ഫൊറോനയിലെ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

12 ചൈതന്യയിൽ നടന്ന വൈദികസമിതി മീറ്റിംഗിൽ പങ്കെടുത്തു

- ചൈതന്യയിൽ നടന്ന കോളേജ് ഓഫ് കൺസൽട്ടേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

13 കാക്കനാട് രൂപതാ വൈദികരുടെ ആദ്ധ്യാത്മികത എന്ന വിഷയത്തെക്കുറിച്ച് നടന്ന സെമിനാറിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 പെരിക്കല്ലൂർ ഫൊറോനയിലെ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

15 ചങ്ങലേരി ഫൊറോനയിലെ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

16 രാജപുരം ഫൊറോനയിലെ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

17 മടമ്പം ഫൊറോനയിലെ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

18 ഒളശ ഇടവകാംഗമായ പരേതയായ മേരിക്കുട്ടി പാട്ടക്കണ്ടത്തിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

19 വല്ലംബ്രോസൻ ബെനഡിക്ടൈൻ അംഗങ്ങളായ ബ്രദർ ജോസഫ് പുതുപ്പറമ്പിലിനും ബ്ര. സനൂപ് കൈതക്കനിരപ്പേലിനും പാഴുത്തുരുത്ത് മരിയാമല ആശ്രമത്തിൽ വച്ച് ഡീക്കൻ പട്ടം നൽകി.

21 അതിരമ്പുഴയിൽ നടന്ന ബൈബിൾ കൺവെൻഷനിൽ സംബന്ധിച്ച് സന്ദേശം നൽകി.

22 അരീക്കര ഇടവകാംഗമായ പരേതനായ ഈന്തനാംകുഴിയിൽ തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദേവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

23 കെ.സി.സി. ചുങ്കം ഫൊറോന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ചുങ്കത്ത് നടന്ന അവയവദാന സമ്മതപത്ര സമാഹരണത്തിന്റെ ഉദ്ഘാടനം നടത്തി.

\- അതിരൂപതാ വിശ്വാസവർഷ സമാപനത്തോടനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

24 ക്രിസ്തുവിന്റെ രാജത്വതിരുനാളിനോടനുബന്ധിച്ച് കത്തീഡ്രലിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

25 റോമിൽ ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ആൻഡ് ഇന്റർസ്റ്റഡീസിൽ ഫാ. പ്ലാസിഡ് പൊടിപാറ പ്രഭാഷണ പരമ്പരയിൽ പേപ്പർ അവതരിപ്പിക്കുന്നതിനായി റോമിലേയ്ക്ക് പോയി.

## Engagements

### Mar Mathew Moolakkatt

**December 2013**

15 KCWA Anniversary at BCM College

16 Dialogue with Jacobites at Puthenkurish

17 Bi-Monthly recollection of priests at Chaithanya

18,19 Dialogue with Orthodox church at Sophia Centre Kottayam

20-22 Silver Jubilee celebrations of Knanaya Jyothi E.M.H. School, Kadaba, Karnataka.

27 Ordination of Dn. Arun Muyalkkallinkal at St. Mary's Church, Muttom

30 Sacredotal Golden Jubilee of priests at Viani Home, Thellakom

\- Bible Convention at Piravom

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2013**

4 നട്ടാശ്ശേരി സെന്റ് ജോസഫ്സ് ജനറലേറ്റിൽ വി. കുർബ്ബാന അർപ്പിച്ചു.

7 പയ്യാവൂർ ടൗൺ പള്ളിയിൽ നടന്ന ബഹു. ആനിമൂട്ടിൽ തോമസ് - ഫിലിപ്പ് അച്ചന്മാരുടെ രജതജൂബിലി വി. കുർബ്ബാനയിൽ സഹകാർമ്മികത്വം വഹിക്കുകയും അനുമോദന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച് പ്രസംഗിക്കുകയും ചെയ്തു.

\- മാസ്സിന്റെ ആഭിമുഖ്യത്തിൽ ചമതച്ചാലിൽ മടമ്പം ഫൊറോനായിലെ വനിതകൾക്കായി നടത്തുന്ന സ്വയം സംരംഭകത്വ പ്രോജക്ട് ഉദ്ഘാടനം ചെയ്തു.

8-10 മൈക്കിൾഗിരി ഇടവകയിൽ ഇടയസന്ദർശനം നടത്തി

8 മടമ്പം ബി.എഡ്. കോളേജിലെ സ്റ്റാഫ് മീറ്റിംഗിൽ സംബന്ധിച്ചു

11 കാരിത്താസ് ആശുപത്രിയിലെ ഡോക്ടർമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു

12 ചൈതന്യയിൽ കൂടിയ അതിരൂപതാ വൈദികസമിതി മീറ്റിംഗിലും അതിരൂപത ആലോചനാസമിതി മീറ്റിംഗിലും പങ്കെടുത്തു.

- അതിരൂപതാ മൈനർ സെമിനാരിയുടെ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 രാജപുരം ഫൊറോനാ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് വി. കുർബാനയർപ്പിച്ചു.

16-17ബാംഗ്ലൂരിലെ ക്നാനായ കുടുംബസംഗമത്തിൽ (ഉണർവ് 2013) പങ്കെടുത്തു.

18 ക്രൈസ്റ്റ് നഗർ ഇടവക ഡീക്കൻ പീറ്റർ നല്ലോന്നുംപടവിൽ OFM ന് വൈദികപ്പട്ടം നൽകി.

19-20 നെല്ലിയാടിയിലും കടബയിലുമായി നടത്തിയ മലബാർ റീജിയൺ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

20 അജെക്കർ പള്ളിയിലെ കുരിശടി വെഞ്ചരിച്ചു

22 കണ്ണൂർ FCC പ്രോവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാന അർപ്പിച്ചു

23 അതിരൂപതാ വിശ്വാസവർഷസമാപനത്തോടനുബന്ധിച്ച് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ അർപ്പിക്കപ്പെട്ട വി. കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു.

27 - ഡിസംബർ 1 അരയങ്ങാട്, പോത്തുകുഴി ഇടവകകളിൽ ഇടയസന്ദർശനം നടത്തി.

30 തലശ്ശേരിയിൽ വച്ച് നടത്തിയ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി വി. കുർബാനയിൽ സഹകാർമികത്വം വഹിച്ചു.

# Engagements

## Mar Joseph Pandarasseril

**December 2013**

5 National Seminar at PKM College, Madampam

7 Holy Mass at St. Joseph's Asylum, Kaipuzha

- Caritas Hospital Trust meeting at Caritas

8 Conclusion of Eucharistic procession at Uzhavoor

- Closing ceremony of Chaithanya Karshika Mela

9 CEFAK Central Committee Meeting at Archbishop's House

- Governing Body of Colleges meeting at Archbishop's House

10-12 KCBC at POC

13 Syro Malabar Catechetical Commission meeting at Mount St. Thomas, Kakkanad

14 KCYL Malabar Region leader's meet at Barmariam, Kannur

14-15 Pastoral visit at Ranipuram

16 College teachers' seminar at Uzhavoor

- Blessing of the renovated Madbaha at Cherpunkal

20 Ecumenical Christmas celebration at Town Square, Kannur

22 Holy Mass at Chamathachal

25 Christmas Mass at Sreepuram, Kannur

26 Ordination of Dn. Jees Aikara at Ettumanoor

- Syro Malabar Catechetical Prathibha Sangamam at Mount St. Thomas, Kakkanad

28 Sreepuram English Medium School Alumni Meet at Sreepuram

30 Ordination of Dn. Sanal Mayilkunnel SJ and Dn. Tony Arackunnel VC at Echome

**January 2014**

1 Ordination of Dn. Mathew Pinarkayil at Kallar

2 Ordination of Dn. Roy Kanjirathumoottil at Mankuzhy

4 Consecration of newly built church at Changaleri

## അഭി. കുന്നശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**നവംബർ 2013**

4 കല്ലറ പഴയപള്ളി ഇടവക തറയിൽ പരേതനായ അബ്രാഹത്തിനുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 ഒളശ്ശപള്ളി ഇടവക പാട്ടക്കണ്ടത്തിൽ പരേതയായ മേരിക്കുട്ടിക്കുവേണ്ടി കാരിത്താസ് മോർച്ചറിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പുത്തൻവീട്ടിൽ BTM ൽ പിതാവിനെ സന്ദർശിച്ചു.

## തൂവാനീസ പ്രോഗ്രാം

| | | |
|---|---|---|
| ഡിസംബർ | 6 - 8 | തപസ്സ് ധ്യാനം |
| | 7 - 8 | പഠനാനുഭവ ധ്യാനം |
| | 11 | മദ്ധ്യസ്ഥ പ്രാർത്ഥന |
| | 13 | ജാഗരണ പ്രാർത്ഥന |
| | 14 - 15 | പഠനാനുഭവധ്യാനം |
| | 18 | മദ്ധ്യസ്ഥ പ്രാർത്ഥന |
| | 20 | ജാഗരണ പ്രാർത്ഥന |
| | 21 - 22 | പഠനാനുഭവ ധ്യാനം |
| | 27 | ജാഗരണ പ്രാർത്ഥന |
| | 26, 27, 28 | ക്രിസ്റ്റീൻ ധ്യാനം |
| 29 - 2014 ജനുവരി 2 | | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം |

## Chaithanya Programme December 2013

| | |
|---|---|
| 4 - 8 | Chaithanya Karshikamela |
| 15 | KSSS CBR Medical Camp |
| 16 | Legion of Mary Meet |
| 17 | Bi-monthlyRecollection of Rev. Priests |
| 19 - 21 | Family Commission - Pre-marriage course |
| 20 | KSSS Deaf blind Network Meeting |
| 22 | Nedumchira Trust Meeting |
| 27 - 28 | Knanaya Stars Meeting |
| 28 - 29 | KCYL - Election Camp |

## Good Samaritan Resource Centre Programme

| | |
|---|---|
| 10 | KSSS Deafblind Training |
| 14 | KSSS Kidangoor Regional Meeting |
| 17 | KSSS Deafblind Training |
| 21 | KSSS Kidangoor Regional Meeting |
| 24 | KSSS Deafblind Training |
| 28 | KSSS Kidangoor Regional Meeting |

## മതബോധന കമ്മീഷൻ

### സീറോ മലബാർ കാറ്റക്കെറ്റിൽ അവാർഡ്

സീറോ മലബാർ സഭയിൽ വിശ്വാസ പരിശീലന പാഠ്യപദ്ധതിയിൽ 12 വർഷം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി ആരംഭിച്ച SMC Award (Syro Malabar Catechetical Award) ഈ വർഷവും നടത്തപ്പെടുന്നതാണ്. 2013 ഡിസംബർ അവസാനം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെടുന്ന ക്യാമ്പിൽ നിന്നും 12-ാം ക്ലാസിൽ പഠിക്കുന്ന ഒരു ആൺകുട്ടിയേയും ഒരു പെൺകുട്ടിയേയുമാണ് ഈ അവാർഡിനായി തെരഞ്ഞെടുക്കുന്നത്. ഓരോ രൂപതയിൽ നിന്നും രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയുമാണ് ഈ ക്യാമ്പിനായി അയയ്ക്കേണ്ടത്. ഈ ക്യാമ്പിലേയ്ക്ക് കുട്ടികളെ അയയ്ക്കുന്നതിനായി അതിരൂപതാ തലത്തിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടിയിരിക്കുന്നു. അതിന്റെ നടപടിക്രമം താഴെപ്പറയുന്ന പ്രകാരമായിരിക്കും.

1. 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും അതിരൂപതാ തലത്തിലേയ്ക്ക് അയയ്ക്കുവാൻ ഓരോ ഇടവകയും ഒരു ആൺകുട്ടിയേയും ഒരു പെൺകുട്ടിയേയും തെരഞ്ഞെടുക്കണം.
2. 11-ാം ക്ലാസിലെ വാർഷിക പരീക്ഷയിൽ 70%നു മുകളിൽ മാർക്കും

ഹാജറും ഉണ്ടായിരിക്കുകയും 12-ാം ക്ലാസിൽ തുടർച്ചയായി ഉത്സാഹപൂർവ്വം പങ്കെടുക്കുകയും ചെയ്യുന്ന കുട്ടികളെ മാത്രമേ തെരഞ്ഞെടുക്കാവൂ.

3. വിദ്യാർത്ഥിയുടെ വിശ്വാസപരിശീലന നിലവാരം, ആദ്ധ്യാത്മികത, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗത കഴിവുകൾ, സാമൂഹ്യപ്രതിബദ്ധത എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഇടവകയിലെ ഏറ്റവും മികച്ച ഒരു ആൺകുട്ടിയേയും ഒരു പെൺകുട്ടിയേയും തിരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ നവംബർ 30ന് മുമ്പായി അതിരൂപത വിശ്വാസപരിശീലന കേന്ദ്ര ഓഫീസിൽ അറിയിക്കണം.

4. ഇപ്രകാരം ഇടവകതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി അതിരൂപതാ വിശ്വാസപരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ കടുത്തുരുത്തി വലിയപള്ളിയിൽ വച്ച് 2013 ഡിസംബർ 14-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. അനുയോജ്യമായ പ്രോഗ്രാമുകളിലൂടെ ഈ കുട്ടികളെ വിലയിരുത്തിയശേഷം ഇവരിൽനിന്നും രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും സീറോ മലബാർ സഭാതലത്തിൽ ഡിസംബർ മാസം നടത്തപ്പെടുന്ന ക്യാമ്പിൽ പങ്കെടുക്കുവാനായി തെരഞ്ഞെടുക്കുന്നു.

ഫാ. തോമസ് കൊച്ചുപുത്തൻപുരയ്ക്കൽ
(ചെയർമാൻ)

# വൊക്കേഷൻ കമ്മീഷൻ

## പേരന്റ്സ് ഡേ & സ്പോൺസേഴ്സ് ഡേ

വൈദീകവിദ്യാർത്ഥികളുടെ മാതാപിതാക്കളുടെയും വിദ്യാർത്ഥികളെ സഹായിക്കുന്ന സ്പോൺസേഴ്സിന്റെയും സംഗമം സംയുക്തമായി 2013 നവംബർ 9-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. രാവിലെ 9.30ന് അഭി. മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പൊതുസമ്മേളനവും പരിചയപ്പെടുത്തലും, സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## മൈനർ സെമിനാരി ഹോം ഡേ

കോട്ടയം അതിരൂപതയിലെ മൈനർ സെമിനാരി "Home Day" ആഘോഷങ്ങൾ 2013 നവംബർ 12-ാം തീയതി 6 pm ന് നടത്തി. അഭി.

മാർ ജോസഫ് പണ്ടാരശ്ശേരിൽ മുഖ്യ അതിഥിയായിരുന്നു. ബ്രദേഴ്സിന്റെ വ്യത്യസ്തങ്ങളായ കലാപരിപാടികൾ ആഘോഷങ്ങൾ ഹൃദ്യമാക്കി.

### മാസധ്യാനം

കോട്ടയം അതിരൂപതയിലെ മൈനർ സെമിനാരി വൈദീക വിദ്യാർത്ഥികളുടെ നവംബർ മാസത്തെ മാസധ്യാനം 2013 നവംബർ 16-ാം തീയതി തിരുഹൃദയക്കുന്ന് ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. ഫാ. ഷിനോജ് വെള്ളായിക്കൽ ധ്യാനചിന്തകൾ പങ്കിട്ടു.

**ഫാ. ജോസ് തേക്കുനിൽക്കുന്നതിൽ**
(ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ)

## ലിജിയൻ ഓഫ് മേരി

ലിജിയൻ ഓഫ് മേരിയുടെ ഡിസംബർ സമ്മേളനം 16-12-2013 തിങ്കൾ രാവിലെ 9.30ന് ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. 3.30 pm ന് വി. കുർബ്ബാനയോടെ യോഗം സമാപിക്കും.

മിനി ജോസ് (സെക്രട്ടറി)

## ചെറുപുഷ്പ മിഷൻലീഗ് & തിരുബാലസഖ്യം

### തിരുസന്നിധിയിൽ മാക്കീൽ പിതാവിനോടൊത്ത്

ദൈവദാസൻ മാക്കീൽ പിതാവിന്റെ ചരമശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി 2013 ഡിസംബർ 14-ാം തീയതി ഇടയ്ക്കാട്ട് ഫൊറോന പള്ളിയിൽ ദിവ്യകാരുണ്യ ആരാധന സംഘടിപ്പിക്കുന്നു. രാവിലെ 10ന് ആരംഭിക്കുന്ന ആരാധന വൈകുന്നേരം 5 മണിക്കുള്ള കുർബ്ബാനയോടുകൂടി അവസാനിക്കുന്നതാണ്. മിഷൻ ലീഗും തിരുബാലസഖ്യവും സംയുക്തമായാണ് ആരാധന സംഘടിപ്പിക്കുന്നത്. ആയതിനാൽ കഴിയുന്നത്ര ചെറുപുഷ്പ - തിരുബാലസഖ്യ അംഗങ്ങൾ ഓരോ ശാഖയിൽ നിന്നും ആരാധനയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശാഖയിൽ നിന്നും വരുന്നവരുടെ എണ്ണം ഡിസംബർ 30ന് മുൻപായി വൈസ് ഡയറക്ടർ സി. ഷൈനി SVM നെ അറിയിക്കേണ്ടതാണ്. (ഫോൺ -

9495610487, 9496723584) ആരാധനയ്ക്ക് ഓരോ ശാഖയ്ക്കും നിശ്ചയിച്ചിട്ടുള്ള സമയക്രമം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 10 am - 11 am | - | കൈപ്പുഴ മേഖല |
| 11 am - 12 noon | - | കിടങ്ങൂർ മേഖല |
| 12 noon - 1 pm | - | ചുങ്കം, പടമുഖം മേഖല |
| 1 pm - 2 pm | - | ഉഴവൂർ, മലങ്കര മേഖല |
| 2 pm - 3 pm | - | കടുത്തുരുത്തി മേഖല |
| 3 pm - 4 pm | - | പാച്ചിറ, പേരൂർ, കണ്ണങ്കര, നീറിക്കാട്, വാകത്താനം, വെളിയനാട്, കുമരകം, ചാരമംഗലം എന്നീ ശാഖകൾ |
| 4 pm - 5 pm | - | ഇടയ്ക്കാട്ട്, ഒളശ്ശ, കാരിത്താസ്, എസ്. എച്ച്. മൗണ്ട്, സംക്രാന്തി, മള്ളൂശ്ശേരി, കിഴക്കേനട്ടാശ്ശേരി, കത്തീഡ്രൽ എന്നീ ശാഖകൾ |

**എഫ്ഫാത്ത - ഉപന്യാസമത്സരം**

ശാഖാ മേഖല വൈസ് ഡയറക്ടർമാർക്കായി മിഷൻ ലീഗ് അതിരൂപതാ തലത്തിൽ ഒരു ഉപന്യാസമത്സരം നടത്തുന്നു. വിശ്വാസ വളർച്ചയ്ക്ക് മിഷൻ ലീഗിന്റെ പങ്ക് എന്ന വിഷയത്തെ ആധാരമാക്കിയാണ് ഉപന്യാസ മത്സരം. വിശ്വാസജീവിതം, മിഷൻലീഗ് പ്രവർത്തനങ്ങളിലൂടെ എങ്ങനെ ഉജ്ജ്വലിപ്പിക്കാം എന്നതായിരിക്കണം ഉപന്യാസത്തിന്റെ മുഖ്യപ്രമേയം. ഓരോ രചനയ്ക്കും ഉചിതമായ ശീർഷകം നൽകാവുന്നതാണ്. അഞ്ചു പേജിൽ കവിയാത്ത രചനകൾ 2014 ജനുവരി 15ന് മുമ്പായി അതിരൂപതാ വൈസ് ഡയറക്ടറെ ഏൽപിക്കേണ്ടതാണ്.

ക്രിസ്മസ് കാർഡ് - ഉണ്ണീശോയ്ക്കൊരു കാർഡ്

2013 ലെ ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി തിരുബാലസഖ്യ - മിഷൻലീഗ് അംഗങ്ങൾക്ക് ഉണ്ണീശോയ്ക്ക് ഒരു ക്രിസ്മസ് കാർഡ് ഉണ്ടാക്കാം.

**നിബന്ധനകൾ**

1. A4 size പേപ്പറിന്റെ ഒരു വശം മാത്രമേ ചിത്രങ്ങൾ വരയ്ക്കാൻ ഉപയോഗിക്കാവൂ.
2. ഓരോരുത്തരും സ്വന്തമായി ചിത്രങ്ങൾ വരയ്ക്കണം.
3. തിരുബാലസഖ്യം കുട്ടികൾ ക്രയോണുകൾ മാത്രം ഉപയോഗിച്ച് നിറം കൊടുക്കുക.

4. മിഷൻലീഗ് കുട്ടികൾ അവർക്കിഷ്ടമുള്ള ചായക്കൂട്ടുകൾ ഉപയോഗിച്ച് നിറം കൊടുക്കാവുന്നതാണ്.
5. ചിത്രങ്ങൾക്ക് ശാഖാ തലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നൽകാവുന്നതാണ്.
6. ശാഖാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച കാർഡ് അതിരൂപതാ ഓഫീസിലേയ്ക്ക് ഡിസംബർ 23ന് മുമ്പായി അയച്ചുതരണം.

വിജയികളാകുന്നവർക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്.

**കയ്യെഴുത്ത് മാസിക**

മതബോധന ക്ലാസുമായി സഹകരിച്ച് എല്ലാ ശാഖകളിലും ഒരു കയ്യെഴുത്തു മാസിക ഉണ്ടാക്കുവാൻ ശ്രദ്ധിക്കണം. മികച്ച കയ്യെഴുത്ത് മാസികയ്ക്ക് അതിരൂപതാ തലത്തിൽ സമ്മാനം നൽകുന്നതായിരിക്കും. സമ്മാനത്തിനു പരിഗണിക്കേണ്ട കയ്യെഴുത്ത് മാസികകൾ 2014 ജനുവരി 31നു മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

രൂപതാ വിഹിതമോ എന്തെങ്കിലും കുടിശികയോ ഉണ്ടെങ്കിൽ അവ ഉടൻതന്നെ അതിരൂപതാ കേന്ദ്രത്തിൽ ഏൽപിക്കുക.

ശാഖാ സന്ദർശനത്തിനെത്തുന്ന വ്യക്തികൾക്ക് റ്റി. എ. നൽകുവാൻ ഓരോ ശാഖയും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## ദ്വിദിന ക്യാമ്പ്

നവംബർ 16, 17 തീയതികളിൽ ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വച്ച് തിരുബാലസഖ്യം കുട്ടികൾക്കായി ദ്വിദിനക്യാമ്പ് നടത്തി. ഫാ. ജോബി പുച്ചൂക്കണ്ടത്തിൽ, സി. ജോൺസിയ SVM, സാബു പൊന്നോത്ത് എന്നിവർ നേതൃത്വം നൽകി.

ഫാ. ജോബി പുച്ചൂക്കണ്ടത്തിൽ
അതിരൂപതാ ഡയറക്ടർ

# കെ. സി. എസ്. എൽ.

നവംബർ 14-ാം തീയതി കിടങ്ങൂർ സെന്റ് മേരീസ് എച്ച്.എസ്. എസിൽ വച്ച് കെ.സി.എസ്.എൽ. സംഘടനയുടെ അതിരൂപതാ കലാമത്സരങ്ങൾ നടത്തപ്പെട്ടു. രാവിലെ 9.00ന് സെന്റ് മേരീസ് എച്ച്.എസ്.എസ്. ഹെഡ്മാസ്റ്റർ ബാബുസാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കിടങ്ങൂർ ഫൊറോനപള്ളി വികാരി റവ. ഫാ. ജേക്കബ് വാലേൽ കലാമത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് നാല് സ്റ്റേജുകളിലായി നടത്തപ്പെട്ട മത്സരങ്ങളിൽ 200 കുട്ടികൾ 28 സ്കൂളുകളിൽ നിന്നായി പങ്കെടുത്തു. ഇതിൽ എച്ച്. എസ്. വിഭാഗത്തിൽ കൈപ്പുഴ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും യു. പി. വിഭാഗത്തിൽ സെന്റ് മേരീസ് എച്ച്. എസ്. എസ്. കിടങ്ങൂരും ഒന്നാം സ്ഥാനത്തിന് അർഹരായി. കലാമത്സരങ്ങൾക്ക് കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. സൈജു പുത്തൻപറമ്പിലും എക്സിക്യൂട്ടീവ് മെമ്പറും കിടങ്ങൂർ സ്കൂൾ അധികൃതരും നേതൃത്വം നൽകി.

**ഫാ. സൈജു പുത്തൻപറമ്പിൽ** (ഡയറക്ടർ)

# കെ. സി. ഡബ്ല്യു. എ.

കെ.സി.ഡബ്ല്യു.എ. യുടെ ഫൊറോനാതലത്തിലുള്ള മത്സരങ്ങളും, വാർഷികവും നടത്തപ്പെട്ടു. ഓരോ ഫൊറോനായിലേയും മികച്ച ഇടവകകളെ തെരഞ്ഞെടുക്കുകയുണ്ടായി. നവംബർ 30-ാം തീയതി പേരൂർ പള്ളിയിൽവച്ച് രൂപതാതല മത്സരങ്ങൾ നടന്നു. ഡിസംബർ 15ന് ബി. സി.എം. ഓഡിറ്റോറിയത്തിൽവച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് അതിരൂപതാ വാർഷികം നടത്തുന്നതാണ്.

ബീനാ രാജു
ജന. സെക്രട്ടറി

# കെ. സി. വൈ. എൽ.

## കെ. സി. വൈ. എൽ. ജന്മദിനം ആഘോഷിച്ചു

കെ. സി. വൈ. എൽ. അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ സെന്റ് ജോസഫ്സ് പള്ളിയുടെ ആതിഥേയത്വത്തിൽ നവംബർ 17ന് കെ. സി. വൈ. എൽ. 44-ാം ജന്മദിനാഘോഷവും അതിരൂപതാ യുവജനോത്സവവും നടത്തി. അതിരൂപതാ പ്രസിഡന്റ് ജോഷി പടവെട്ടുംകാലായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം കേരളാ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്തു. കെ. സി. വൈ. എൽ. ജനറൽ സെക്രട്ടറി ഷിനോ കുന്നപ്പള്ളി സ്വാഗതവും അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളപ്പാനിക്കൽ അനുഗ്രഹപ്രഭാഷണവും, കെ. സി. വൈ. എൽ. അതിരൂപതാ ചാപ്ലയിൻ ഫാ. അബ്രഹാം പറമ്പേട്ട് ആമുഖപ്രസംഗവും നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ജോസ്മോൻ മുണ്ടയ്ക്കൽ, ഏറ്റുമാനൂർ ഇടവക വികാരി ഫാ. മാത്യു കുഴിപ്പിള്ളിൽ എന്നിവർ ആശംസകളും യൂണിറ്റ് പ്രസിഡന്റ് റ്റോണി ജോയി മാക്കീൽ കൃതജ്ഞതയും അർപ്പിച്ചു. അതിരൂപതാ യൂണിറ്റ് ഭാരവാഹികൾ വിവിധ മത്സരങ്ങൾക്കും ആഘോഷപരിപാടികൾക്കും നേതൃത്വം നൽകി.

## കെ. സി. വൈ. എൽ. വാർഷികം കിടങ്ങൂരിൽ

ക്നാനായ കാത്തലിക് യൂത്ത് ലീഗ് അതിരൂപതാ വാർഷികവും (2012 - 2013) കിടങ്ങൂർ കെ. സി. വൈ. എൽ. യൂണിറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന 12-ാമത് കരോൾ ഗാനമത്സരവും ഡിസംബർ 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് കിടങ്ങൂർ സെന്റ് മേരീസ് ഫൊറോനാ പള്ളി അങ്കണത്തിൽ നടക്കുന്നതാണ്. അതിരൂപതാ പ്രസിഡന്റ് ജോഷി പടവെട്ടുംകാലായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന വാർഷിക സമ്മേളനം ബഹു. ഗ്രാമവികസന - സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. കെ. സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നതാണ്. മോൻസ് ജോസഫ് എം.എൽ.എ. മുഖ്യപ്രഭാഷണവും, പാലാ ഡി.വൈ.എസ്.പി. ശ്രീ. ബിജു കെ. സ്റ്റീഫൻ സമ്മാനദാനവും നിർവ്വഹിക്കുന്നതായിരിക്കും.

**ജോഷി പടവെട്ടുംകാലായിൽ**
(പ്രസിഡന്റ്)

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ചൈതന്യ കാർഷികമേള ശ്രദ്ധേയമായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെയും കൃഷി വകുപ്പ്, ആകാശവാണി എന്നിവയുടെയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കപ്പെട്ട 16-ാമത് ചൈതന്യ കാർഷികമേളയും സ്വാശ്രയസംഘമഹോത്സവവും ശ്രദ്ധേയമായി. കാർഷികവിള പ്രദർശനങ്ങൾ, കലാകായിക മത്സരങ്ങൾ, പ്രതിഭാസംഗമങ്ങൾ തുടങ്ങി വത്യസ്തങ്ങളായ ആഘോഷപരിപാടികളിൽ പൂർവ്വാധികം ജനപങ്കാളിത്തമാണ് ഈ വർഷം ഉണ്ടായത്. മത - സാമൂഹിക - രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ മേളയിൽ പങ്കെടുത്തു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
സെക്രട്ടറി, കെ.എസ്.എസ്.എസ്

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## മുട്ടക്കോഴി വളർത്തൽ പദ്ധതി ആരംഭിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ ജില്ലയിൽ 'മഹിള വരുമാന വർദ്ധിനി' എന്ന പേരിൽ മുട്ടക്കോഴിവളർത്തൽ പദ്ധതി ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ ചമതച്ചാൽ സെന്റ് സ്റ്റീഫൻസ് പാരിഷ് ഹാളിൽ നിർവഹിച്ചു. മടമ്പം ഫൊറോന പള്ളി വികാരി ഫാ. സ്റ്റാനി ഇടത്തിപ്പറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖപ്രഭാഷണം നടത്തി. ചമതച്ചാൽ സെന്റ് സ്റ്റീഫൻ പള്ളി വികാരി ഫാ. റെജി പാട്ടക്കണ്ടം ആശംസകളർപ്പിച്ചു. പദ്ധതിപ്രകാരം 100 കുടുംബങ്ങൾക്ക് 400 മുട്ടക്കോഴികൾ സൗജന്യമായി വിതരണം ചെയ്തു.

## ഹരിത പോഷിണി പദ്ധതി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹരിതപോഷിണി എന്ന പേരിൽ ജൈവ അടുക്കളത്തോട്ട നിർമ്മാണ പദ്ധതി മലബാർ മേഖലയിൽ ആരംഭിച്ചു. രാജപുരം, മടമ്പം, പെരിക്കല്ലൂർ, ചങ്ങലേരി ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 1650 കർഷക കുടുംബങ്ങളോടനുബന്ധിച്ചാണ് അടുക്കളത്തോട്ടം നിർമ്മിക്കുന്നത്. അടുക്കളത്തോട്ട നിർമ്മിതിക്ക് ആവശ്യമായ ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. ഏറ്റവും നല്ല അടുക്കളത്തോട്ടം നിർമ്മിക്കുന്ന 600 കർഷകർക്ക് പദ്ധതി പ്രകാരം സബ്സിഡിയും നൽകുന്നു.

## ജീവനോപാധി വായ്പ പദ്ധതി ഉദ്ഘാടനം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള പിന്നോക്ക വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി ജീവനോപാധി വായ്പാ പദ്ധതി ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം അലക്സ് നഗർ സെന്റ് ജോസഫ് പാരിഷ് ഹാളിൽ കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ നിർവ്വഹിച്ചു. മടമ്പം ഫൊറോനാപള്ളി വികാരി ഫാ. സ്റ്റാനി ഇടത്തിപറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പദ്ധതി വിശദീകരണം നടത്തി. അലക്സ് നഗർ പള്ളി വികാരി ഫാ. ബിജു ഞാഞ്ഞിലത്ത്, അബ്രാഹം യു. പി. എന്നിവർ പ്രസംഗിച്ചു. പദ്ധതി പ്രകാരം 75 കുടുംബങ്ങൾക്ക് വിവിധ വരുമാന വർദ്ധന പരിപാടികൾക്കായി 15 ലക്ഷം രൂപയുടെ ചെക്ക് മാർ ജോസഫ് പണ്ടാരശ്ശേരിൽ വിതരണം ചെയ്തു.

## തെങ്ങുകയറ്റ പരിശീലനം കോളേജ് വിദ്യാർത്ഥികൾക്ക്

തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കുക, സ്വയം തൊഴിലിലൂടെ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വനിതാ കോളേജിലെ വിദ്യാർത്ഥികൾക്ക് വേണ്ടി തെങ്ങുകയറ്റ പരിശീലനം ആരംഭിച്ചു. പരിശീലനത്തിന് മാസ്സ് മാസ്റ്റർ ട്രെയിനർ ശ്രീ. ബാബു പി. എം. നേതൃത്വം നൽകി.

## സംരംഭകത്വ വികസന സെമിനാർ

പിന്നോക്ക വികസന കോർപ്പറേഷന്റെ സഹായത്തോടുകൂടി ശ്രീപുരം മാസ്സ് ട്രെയിനിംഗ് സെന്ററിൽവച്ച് സംരംഭകത്വ വികസന സെമിനാർ നടത്തി. പിന്നോക്ക വികസന കോർപ്പറേഷൻ ജില്ലാ മാനേജർ ശ്രീ. പി. രാധാകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. അബ്രാഹം യു. പി, ആഷ്ന ജോസ് എന്നിവർ ക്ലാസ് നയിച്ചു.

## വികലാംഗ സംഗമം നടത്തി

സി. ബി. ആർ പ്രവർത്തനത്തോടനുബന്ധിച്ച് രാജപുരം മേഖലയിൽ വികലാംഗസംഗമം നടത്തി. ചുള്ളിക്കര സെന്റ് മേരീസ് പാരിഷ് ഹാളിൽ നടന്ന വികലാംഗസംഗമത്തിൽ വികലാംഗർക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകി പുനരധിവസിപ്പിക്കുന്ന മൊബിലിറ്റി ഇന്ത്യയുടെ ഡയറക്ടർ ശ്രീമതി അൽബിന ശങ്കർ ക്ലാസെടുത്തു.

## സെമിനാർ സംഘടിപ്പിച്ചു

മാസ്സ് നബാർഡിന്റെ സഹകരണത്തോടുകൂടി വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പദ്ധതിയുടെ ഭാഗമായി അത്തിക്കൊല്ലി സെന്റ് തോമസ് പാരിഷ് ഹാളിൽ വച്ച് കാലാവസ്ഥാ വ്യതിയാനവും നൂതന കൃഷിരീതിയും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. വില്ലേജ് വാട്ടർഷെഡ് കമ്മിറ്റി ചെയർമാൻ പി. ജെ. വിൻസെന്റ് അദ്ധ്യക്ഷത വഹിച്ചു. മംഗലശ്ശേരി നാരായണൻ, ലില്ലി വർഗ്ഗീസ് എന്നിവർ സെമിനാർ നയിച്ചു. മാസ്സ് വാട്ടർഷെഡ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

## ഗോത്രവർഗ്ഗക്ഷേമ പദ്ധതി

മാസ്സ് ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സഹകരണത്തോടെ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ ഗോത്രവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ആദിവാസികളുടെ സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് 1.5 കോടി രൂപയുടെ വികസന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി സർവ്വെ ആരംഭിച്ചു.

## രാജപുരം മേഖലയിൽ വിവിധ തൊഴിൽ പരിശീലനങ്ങൾ

മാസ്സ് രാജപുരം മേഖലയിലെ കർഷകർക്ക് വേണ്ടി നബാർഡിന്റെ സഹായത്തോടെ ജൈവവളം നിർമ്മാണ പരിശീലനം, പൈപ്പ് കമ്പോസ്റ്റ്

നിർമ്മാണ പരിശീലനം, കോഴി വളർത്തൽ പരിശീലനം, കൃൺകൃഷി പരിശീലനം, കുട നിർമ്മാണ പരിശീലനം, അലങ്കാരതുന്നൽ പരിശീലനം എന്നിവ സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ആനിമേറ്റർമാർ വഴി ബന്ധപ്പെടുക.

**ഫാ. സുനിൽ പെരുമാനൂർ**
(സെക്രട്ടറി, മാസ്സ്)

# വചനദർശനം

## മംഗളവാർത്തക്കാലം മൂന്നാം ഞായർ

**ഡിസംബർ 15**

നിശ്ചലമായി കിടക്കുന്ന ഒരു കുളത്തിൽ അതിന്റെ ശാന്തതയെ കീറി മുറിച്ച് വീണ ഒരു കൊച്ചുകല്ല് ആ കുളത്തിൽ വലിയൊരു ചലനം ഉണ്ടാക്കി. ഓളങ്ങൾ തട്ടി കുളത്തിലെ ജീവികൾ ഉണർന്നു. ഓളങ്ങൾ കരയിലുള്ള ചെടികളിൽപ്പോലും ചെറിയൊരു അനക്കം സൃഷ്ടിച്ചു. ഒരു സ്വരം ഉണർന്നു കുന്നുകളും കുഴികളും നികത്തുക... (ഏശ 40.3) ഈ ഏശയാപ്രവചനം നൂറ്റാണ്ടുകൾക്കപ്പുറം ഈ ഭൂമിയിൽ നിറവേറിയപ്പോൾ അത് ഈ ഭൂമിയിൽ ഉണ്ടാക്കിയ ഓളങ്ങളും ചലനങ്ങളും വലുതായിരുന്നു.

പ്രായം കഴിഞ്ഞവന്റെ ഭാര്യ പ്രായം കവിഞ്ഞവളും വന്ധ്യയും ആയിരുന്നു. എങ്കിലും ബലഹീനതയിൽ ബലവാന്റെ കൃപ നിറഞ്ഞപ്പോൾ അയൽക്കാരും ബന്ധുക്കളും സന്തോഷിച്ചു. പേര് പോലും അദ്ഭുതത്തിന് വിഷയമായി. ചില നാവുകൾ സ്വതന്ത്രമായി. എല്ലാം സംസാരവിഷയമായി കാരണം കർത്താവിന്റെ കരം ശിശുവിനോടൊപ്പം ഉണ്ടായിരുന്നു.

നൂറ്റാണ്ടുകൾ വീണ്ടും പലതു കഴിഞ്ഞു. ആ ചലനങ്ങൾ ഇന്ന് എന്റെ മനസ്സിൽ ഓളം തള്ളുമ്പോൾ എന്നിലും ചില വ്യത്യാസങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. കാരണം, വഴിയൊരുക്കിയവന്റെ പാതയിൽ നടന്നവന്റെ പാതയെ അനുഗമിക്കുന്നവനാണ് ഞാൻ. ആ പാതയിൽ അടിപതറാതെ

ക്രിസ്തുവിനെ പിൻതുടരുമ്പോൾ ഞാനും ഒരു യഥാർത്ഥ ക്രിസ്തു അനുയായി ആയ യഥാർത്ഥ ക്രൈസ്തവനാകും. ഈ വഴിയെപ്പറ്റി സുവിശേഷങ്ങൾ പ്രതിപാദിക്കുന്നത് കല്ലും മണ്ണും നിറഞ്ഞ കുരിശിന്റെ വഴിയായിട്ടാണ്.

കർത്താവിന്റെ ധൂപാർപ്പണവേളയിൽ തുടങ്ങിയ വഴിയൊരുക്കൽ അവസാനിക്കുന്നത് ഹേറോദിയായെ ഏൽപ്പിച്ച തളികയിലാണ്. ആ പാതയിൽ നടന്നവൻ ആരംഭിച്ചത് പുൽക്കൂട്ടിലും എത്തിച്ചേർന്നത് കാൽവരിയിലും.

ഈ മധുരനൊമ്പരവീഥികളിൽ ഞാൻ പാദം ഊന്നുമ്പോൾ ചിലർക്ക് അദ്ഭുതവും ഭയവും സന്തോഷവും തോന്നും. ചില നാവുകൾ തുറക്കപ്പെടും, ചിലത് അടയ്ക്കപ്പെടും, ചിലർ ദൈവത്തെ വാഴ്ത്തും, കാരണം ആ പാതയിൽ കർത്താവിന്റെ കരങ്ങൾ എന്നോടൊപ്പം ഉണ്ടാകും.

## മംഗളവാർത്തക്കാലം നാലാം ഞായർ

**ഡിസംബർ 22**

പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണമാണ് ക്രിസ്തു. അത് ചില കാത്തിരിപ്പുകളുടെ അന്ത്യമായിരുന്നു. കാരണം ഇന്നുകൾക്ക് ഇന്നലകളുടെ സ്വാധീനം ഉണ്ട്. അതുകൊണ്ടാവാം "പ്രവചനങ്ങളുടെ പൂർത്തീകരണം" എന്നുകൂടി മത്തായി കൂട്ടിച്ചേർത്തത്. എന്നാൽ, അതിലുപരി മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന മാനവമനസാക്ഷിക്ക് മുമ്പിൽ ഒരു നീതിമാന്റെ മാതൃക വരച്ചുകാട്ടുന്നു. ദൈവകൃപയ്ക്ക് പൂർണ്ണമായി സമർപ്പിച്ച അബ്രാഹത്തെ പോലെ നഷ്ടങ്ങളിൽ ദൈവമഹത്വം കണ്ട ജോബിനെപ്പോലെ ദൈവപരിപാലനയിൽ അർത്ഥം കണ്ടെത്തിയ ഒരു ദൈവദാസൻ വീണ്ടും ഉദയം ചെയ്തിരിക്കുന്നു.

അദ്ദേഹം വ്യത്യസ്തനാണ് പൗരുഷമായ വാക്കുകളേക്കാൾ ശാന്തത നിറഞ്ഞ മനനത്തിന് ജീവിതത്തിൽ പ്രാധാന്യം നൽകി. അന്യന്റെ എരിയുന്ന ഹൃദയത്തിൽ എണ്ണയൊഴിച്ച് ആളിക്കത്തിക്കുന്ന ആധുനിക മനുഷ്യന്റെ ചിന്താഗതികളല്ല മറിച്ച് അവനെ അപമാനിക്കാതെ രഹസ്യത്തിൽ പരിഹാരം കണ്ടെത്താൻ ഒരുങ്ങിയവൻ. എല്ലാറ്റിനും ഉപരി സ്ത്രീത്വത്തെ കച്ചവടച്ചരക്കിനും അപ്പുറം മഹത്വം കണ്ടെത്തിയവൻ. ജീവന്റെ നിലവി

ളികളിൽ ജീവന്റെ വില തിരിച്ചറിഞ്ഞപ്പോൾ മാനവകുലത്തിന് ഇതാ ഒരു രക്ഷകൻ അവതാരം ചെയ്തു.

തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന ആധുനിക കുടുംബങ്ങൾക്കും, ചെറിയ പൊട്ടിത്തെറികളിൽ വേർപിരിയുന്ന കുടുംബബന്ധങ്ങൾക്കും അപ്പുറം തിരുക്കുടുംബത്തിന്റെ പവിത്രത തിരിച്ചറിഞ്ഞു. അങ്ങനെയെങ്കിലും പലപ്പോഴും ഈ നീതിമാൻ സ്മരിക്കപ്പെടുന്നു.

ഇന്നും നീതിമാനായ ജോസഫുമാർ ഉണ്ടായിരുന്നെങ്കിൽ. അനാഥാലയങ്ങളോ, തെരുവിൽ ചവിട്ടിയരയ്ക്കപ്പെടുന്ന ജീവിതങ്ങളോ, മദ്യത്തിന്റെ കൂത്താട്ടത്തിൽ ഉലയുന്ന കുടുംബങ്ങളോ ഉണ്ടാവില്ല. അതിനാൽ ആ നീതിമാനെ മാതൃകയാക്കി നമുക്കും നിദ്രയിൽനിന്ന് ഉണരാം. കർത്താവിന്റെ ദൂതൻ കൽപിക്കുന്നതുപോലെ പ്രവർത്തിക്കാം. അതാവട്ടെ ഈ ക്രിസ്തുമസ്സിന്റെ നോമ്പും ഉപവാസവും.

## പിറവിത്തിരുനാൾ

**ഡിസംബർ 25**

ക്രിസ്തുമസ് ആഡംബരങ്ങൾക്ക് വഴിമാറി. പുൽക്കൂടുകളും ആട്ടിടയന്മാരും അപ്രത്യക്ഷമായി. പകരം ഹേറോദോസിന്റെ കൊട്ടാരങ്ങളും ആധുനികസജ്ജീകരണങ്ങളോടുകൂടിയ ബ്ലാക്ക്ടൈകളും. പുൽത്തകിടികൾ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറിയപ്പോൾ ആ തിരുപ്പിറവിക്ക് പറ്റിയ ഒരേയൊരു സ്ഥലം എന്റെ ഹൃദയം. മിന്നിത്തിളങ്ങുന്ന ലൈറ്റുകൾക്കും റെഡിമെയ്ഡ് പുൽക്കൂടുകൾക്കും അപ്പുറം പരസ്നേഹപ്രവർത്തനങ്ങളും ദൈവമഹത്വങ്ങളും കൊണ്ട് ഹൃദയത്തിൽ ഒരു പുൽക്കൂട് നിർമ്മിക്കാം. പണത്തിനും പ്രതാപത്തിനും അപ്പുറം പൗലോസ് അപ്പസ്തോലനെപ്പോലെ ജീവിതം ക്രിസ്തുവിൽ ജ്വലിക്കുമ്പോൾ ജീവിതം ക്രിസ്തുവും മരണം നേട്ടവും ആകും.

കാരണം ബലിയേക്കാൾ കരുണയും, ചെറിയ കാര്യങ്ങളിലെ വിശ്വസ്തതയും തേടുന്നവനാണ് എന്റെ ഹൃദയത്തിൽ പിറക്കേണ്ടത്. അവനായി പുൽക്കൂട് നിർമ്മിക്കുമ്പോൾ എന്റെ നഷ്ടങ്ങൾ നേട്ടങ്ങളാക്കും പ്രാർത്ഥനകൾ ജീവിത ഗന്ധിയാകും. ജീവിതംതന്നെ ദൈവകൃപയുടെ അടയാളമായ കൂദാശയാക്കും. എല്ലാറ്റിനും ഉപരി ക്രിസ്തുവിനെ വിളി

ച്ചോതുന്ന, പകർന്ന് നൽകുന്ന അഞ്ചാമത്തെ സുവിശേഷമായി എന്റെ ജീവിതം മാറും.

## പിറവി ഒന്നാം ഞായർ

**ഡിസംബർ 29** **വി. മത്തായി 2, 1-12**

ഇന്നത്തെ ദിവസം തിരുസഭാമാതാവ് നമ്മുടെ വിചിന്തനത്തിനായി തന്നിരിക്കുന്ന തിരുവചനഭാഗം ഈശോയുടെ ജനനശേഷമുള്ള ജ്ഞാനികളുടെ സന്ദർശനമാണ്. ജ്ഞാനികൾ വരുന്നത് പൗരസ്ത്യദേശത്തുനിന്നാണ്. അവരെ നയിക്കുന്നത് ഒരു നക്ഷത്രവും. ഇന്നു നാം ശ്രദ്ധ കൊടുക്കുന്നത് ഈ നക്ഷത്രത്തിനാണ്. വാഗ്ദാനങ്ങളുടെ പൂർത്തീകരണമായി, സർവ്വ മനുഷ്യരുടെയും രക്ഷകനായി തിരുഅവതാരം ചെയ്തവനെ അനേകർക്ക് വഴികാട്ടിക്കൊടുക്കുന്ന ഒരു വഴികാട്ടിയായി നക്ഷത്രം ശോഭിക്കുന്നു. യവനപശ്ചാത്തലവും, തത്ത്വചിന്തകളും, സകല അറിവുകളും കൈവശമാക്കിയവരാണ് ജ്ഞാനികൾ. എന്നാൽ ലോകരക്ഷകനെ അവർക്ക് കാട്ടിക്കൊടുക്കുന്നതോ കേവലം ഒരു നക്ഷത്രവും.

ഈ നക്ഷത്രം നമ്മോട് ഇന്ന് ആവശ്യപ്പെടുന്ന ഒരു കാര്യമുണ്ട് - ലോകരക്ഷകനെ അനേകർക്ക് കാട്ടിക്കൊടുക്കുവാൻ. ക്രിസ്തുവിന്റെ അനുയായ ഓരോരുത്തന്റേയും കടമയും ചുമതലയുമാണ്. ക്രിസ്തുവിനെ അറിയാത്തവരെ ക്രിസ്തുവിന്റെ പക്കലേയ്ക്ക് ആനയിക്കുന്ന ചെറുദീപനാളങ്ങളായി, നക്ഷത്രങ്ങളായി മാറുക എന്നത്.

വചനം നൽകുന്ന മറ്റൊരു സന്ദേശമാണ് കപടഭക്തിയുടേത്. ജ്ഞാനികൾ യേശുവിനെക്കുറിച്ച് പറഞ്ഞപ്പോൾ ഹേറോദേസ് രാജാവ് ഞാനും പോയി ആരാധിക്കേണ്ടതിന് അവൻ എവിടെയാണ് ജനിച്ചത് എന്ന് എന്നോടു പറയുക എന്ന് പറയുന്നു (LK 2,8). ഇവിടെ ഹേറോദേസിന്റെ ലക്ഷ്യം സ്വാർത്ഥമായിരുന്നു. പലപ്പോഴും സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി ദൈവാരാധന നടത്തുന്നവരെപ്പോലെ നാമും നടിക്കാറില്ലേ? വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇത് പാടില്ല. മറിച്ച് നാം ആരാധിക്കേണ്ടത് ആ ജ്ഞാനികൾ ചെയ്തതുപോലെ വേണം. തങ്ങൾക്കുള്ള വിലപിടിച്ചതെല്ലാം പൊന്നും, കുന്തുരിക്കവും, മീറയുമെല്ലാം അവർ ലോകരക്ഷകന്റെ കാൽക്കലർപ്പിച്ചു. ഇങ്ങനെ ലോകരക്ഷകനിലേക്കുള്ള വഴി

കാട്ടികളാകുന്ന നക്ഷത്രങ്ങളായി നമുക്ക് ശോഭിക്കാം. ഇങ്ങനെ വഴി കാട്ടിയാൽ മാത്രം പോര, അവനെ എപ്പോഴും ഹൃദയത്തിന്റെ നിറ വിൽനിന്ന് ആരാധിച്ച് നമ്മെയും നമുക്കുള്ളതും പൂർണ്ണമായി അവന്റെ പാദാന്തികത്തിൽ സമർപ്പിക്കാം. ഏവർക്കും ക്രിസ്തുമസ് - പുതുവത്സ രാശംസകൾ.

**ബ്രദർ ജോജീഷ് ചെമ്മൻതറ OSH**
(വടവാതൂർ സെമിനാരി)

# വാർത്തകൾ

## വിവാഹങ്ങൾ വെറും ആഘോഷങ്ങളല്ല : മാർപാപ്പ

വത്തിക്കാൻ : കത്തോലിക്കർക്ക് വിവാഹം വെറും ആഘോഷമല്ല, മറിച്ച് ഇഹലോകത്തിലെ ദൗത്യനിർവ്വഹണത്തിനുള്ള ദൈവകൃപകൾ ദമ്പതികൾക്ക് നൽകുന്ന കൂദാശയാണെന്ന് ഫ്രാൻസിസ് മാർപാപ്പ. വിശ്വാസവർഷത്തോടനുബന്ധിച്ച് വത്തിക്കാനിൽ നടന്ന കുടുംബസംഗമത്തിൽ പങ്കെടുത്തവരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പ്രതിനിധികളായി ഒരു ലക്ഷത്തോളം പേരാണ് കുടുംബസംഗമത്തിനായി സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുൻപിൽ തടിച്ചുകൂടിയത്. കുടുംബജീവിതം ബുദ്ധിമുട്ടുകൾ നിറഞ്ഞതാണെന്നും വിഷമകരമായ നാളുകൾ വന്നുചേരുമെന്നും കത്തോലിക്കാ ദമ്പതികൾക്ക് അറിയാം. എന്നിട്ടും അവർ ജീവിതത്തിലെ എല്ലാ ദിവസവും രോഗത്തിലും, ആരോഗ്യത്തിലും, സന്തോഷത്തിലും ദുഃഖത്തിലും പരസ്പരം സ്നേഹിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുന്നു. അതിനുള്ള ശക്തി ലഭിക്കുന്നതിന് അവർ തങ്ങളുടെ ജീവിതങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കുന്നു. ദമ്പതികൾ നിർബന്ധമായും ഒരുമിച്ച് പ്രാർത്ഥിക്കണമെന്ന് മാർപാപ്പാ നിർദ്ദേശിച്ചു. കുടുംബത്തിലെ പ്രാർത്ഥനകളിലൂടെയും ഒരുമിച്ചുള്ള പള്ളിയിൽ പോക്കിലൂടെയും അവർ തങ്ങളുടെ മക്കളെ വിശ്വാസത്തിൽ വളർത്തണം. ഒരുമിച്ച് ഭക്ഷണം കഴിക്കുക, വല്ലപ്പോഴുമെങ്കിലും കുടുംബാംഗങ്ങൾ ഒരുമിച്ച് പാർക്കിൽ അല്പസമയം ചെലവഴിക്കുക, വല്യപ്പച്ചന്മാരെയും, വല്യമ്മച്ചിമാരെയും സന്ദർശിക്കുക തുടങ്ങിയ മനോഹരമായ നിമിഷങ്ങൾകൊണ്ട് കുടുംബജീവിതം നിറയ്ക്കണം. ക്രൈസ്തവവിശ്വാസത്തിന്റെ പ്രാഥമികപരിശീലനകേന്ദ്രം

കുടുംബങ്ങളാണ്- മാർപാപ്പ ദമ്പതികളെ ഓർമ്മിപ്പിച്ചു.

## ക്രൈസ്തവർ കപടജീവിതം നയിക്കുന്നവരാകരുത് : മാർപാപ്പ

വത്തിക്കാൻ : സ്വന്തം പാപങ്ങളെക്കുറിച്ച് അനുതപിക്കാതെ ക്രൈസ്തവരാണെന്ന് നടിച്ചു ജീവിക്കുന്ന സഭാംഗങ്ങൾ സഭയ്ക്ക് വലിയ ദോഷമാണ് വരുത്തുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ. സാന്താ മാർത്താ ചാപ്പലിൽ ദിവ്യബലിമദ്ധ്യേ വചനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. പാപികളായ നാമെല്ലാവരും നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് അവ ഏറ്റുപറഞ്ഞ് സൗഖ്യം നേടണം. ഒരു മനസ്താപവും കൂടാതെ പാപത്തിൽ തുടരുകയും അതേസമയം ക്രസ്ത്യാനിയാണെന്ന് നടിക്കുകയും ചെയ്യുന്നവർ സത്യത്തിൽ ഇരട്ടജീവിതം നയിക്കുന്നവരാണ്. നമ്മുടെ പാപങ്ങൾ സദയം ക്ഷമിക്കുന്ന യേശുവിനെപ്പോലെ നമ്മോടു ക്ഷമ ചോദിക്കുന്ന സഹോദരങ്ങളോട് ക്ഷമിക്കാനും നമുക്ക് കടമയുണ്ടെന്ന് മാർപാപ്പ ഓർമ്മിപ്പിച്ചു. പാപത്തിൽ നിന്നും മോചനം നേടാൻ പരിശ്രമിക്കുന്നതോടൊപ്പം അഴിമതിക്കാരാകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. ഒരു കൈകൊണ്ട് സഭയെ സഹായിക്കുകയും മറു കൈകൊണ്ട് രാഷ്ട്രത്തെ വെട്ടിച്ചും പാവങ്ങളിൽ നിന്നും പിടിച്ചുപറിച്ചും സ്വന്തം പോക്കറ്റു നിറയ്ക്കുകയും ചെയ്യുന്ന ക്രൈസ്തവരുടെ ഇരട്ടത്താപ്പും മാർപാപ്പ നിശിതമായി വിമർശിച്ചു.

## പരിസ്ഥിതി പ്രശ്നങ്ങൾ ജനങ്ങളുടെ സഹകരണത്തോടെ പരിഹരിക്കണം - കർദ്ദിനാൾ ആലഞ്ചേരി

പരിസ്ഥിതി പ്രശ്നങ്ങൾ ജനങ്ങളുടെ സഹകരണത്തോടെ പരിഹരിക്കാനാണ് ജനാധിപത്യഭരണസംവിധാനങ്ങൾ പരിശ്രമിക്കേണ്ടതെന്ന് സീറോ മലബാർ മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. കേരളസർക്കാർ കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച് ജനങ്ങളുമായി ചർച്ചകൾ നടത്താൻ തീരുമാനിച്ചിരിക്കെ പെട്ടെന്ന് കേന്ദ്രസർക്കാർ വിജ്ഞാപനം ഇറക്കിയതാണ് ഇപ്പോൾ കാണുന്ന ജനരോഷത്തിന് കാരണം. ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ പരിസ്ഥിതി ദുർബലപ്രദേശങ്ങളായി പ്രഖ്യാപിച്ചത് അവിടെ താമസിക്കുന്ന കുടിയേറ്റ കർഷകർക്ക് പ്രയാസങ്ങൾ ഉണ്ടാക്കും. സർക്കാർ ആരെയും കുടിയൊഴിപ്പിക്കില്ലായിരിക്കാം. എന്നാൽ, ആളുകൾ ഈ പ്രദേശങ്ങളിൽ നിന്ന് സ്വയം ഇറങ്ങിപ്പോകാൻ നിർബന്ധിതരാകും എന്ന ആശങ്ക നിലനിൽക്കുന്നു. അക്കാര്യത്തിലാണ് സർക്കാർ ജനങ്ങൾക്ക്

വ്യക്തത നൽകേണ്ടത്. അതിന് ജനപ്രതിനിധികളുമായി ചർച്ചകൾ നടത്തി പ്രതിസന്ധി പരിഹരിക്കാൻ രാഷ്ട്രീയപാർട്ടികളും സർക്കാരും സന്നദ്ധമാകണമെന്ന് പത്രക്കുറിപ്പിലൂടെ കർദ്ദിനാൾ വിശദീകരിച്ചു. ഇപ്പോഴത്തെ പ്രശ്നങ്ങളുടെ പേരിൽ അക്രമസമരമുറകളിലേയ്ക്ക് ഇറങ്ങരുതെന്ന് കർദ്ദിനാൾ മാർ ആലഞ്ചേരി അഭ്യർത്ഥിച്ചു.

## മാർ മാത്യു മാക്കീൽ അനുസ്മരണ ലേഖന മത്സരം

കോട്ടയം വികാരിയാത്തിന്റെ പ്രഥമ മെത്രാൻ ദൈവദാസൻ മാർ മാത്യു മാക്കീലിന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് "ദൈവദാസൻ മാർ മാത്യു മാക്കീലും കേരള സഭയും" എന്ന വിഷയത്തെ ആസ്പദമാക്കി ലേഖന മത്സരം നടത്തുന്നു. എല്ലാ വിഭാഗം ആളുകൾക്കും പങ്കെടുക്കാവുന്നതാണ്. പത്തു പേജിൽ കവിയാതെയുള്ള ലേഖനങ്ങൾ 2014 ജനുവരി 1ന് മുമ്പായി ചെയർമാൻ, മാർ മാക്കീൽ സെന്റിനറി കമ്മിറ്റി, ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം പി.ഒ., കോട്ടയം - 686 630 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ഫോൺ : 9446984438